പ്രകൃതിയിലെ ആത്മബന്ധങ്ങൾ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

പ്രകൃതിയിലെ ജീവജാലങ്ങളെല്ലാം പരസ്പരം ബന്ധത്തിലും സഹായത്തിലുമാണ് സ്ഥിതിചെയ്യുന്നതും പരിണാമപ്പെട്ടിട്ടുള്ളതും. ജന്തുവായാലും സസ്യമായാലും ഒററപ്പെട്ട നിലനില്പില്ല. ഏകാകികളാണ് എല്ലാവയുമെന്നു പുറമേ തോന്നാമെങ്കിലും അല്പം കൂടി പരിശോധിക്കുമ്പോൾ പരമാർത്ഥം അതല്ലെന്നു തെളിയും. ഈ വസ്തുത തന്നെ ശാസ്ത്രജ്ഞന്മാർപോലും മനസ്സിലാക്കാൻ തുടങ്ങിയിട്ട് അധിക ദശാബ്ദങ്ങളായിട്ടില്ല! മനുഷ്യനുവേണ്ടിയാണ് എല്ലാം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നും അതുകൊണ്ട് അവന്റെ ആവശ്യത്തിനു ഇഷ്ടാനുസരണം എല്ലാം, കഷ്ടനഷ്ടങ്ങൾ നോക്കാതെ ചൂഷണം ചെയ്യാമെന്നും ഉണ്ടായിരുന്ന ചിന്താഗതി കാലഹരണപ്പെട്ടുകഴിഞ്ഞു. പഴയ വിശ്വാസമനുസരിച്ച് മനുഷ്യൻ കാട്ടിക്കൂട്ടിയ കടുംകൈകാരണം വർഗ്ഗനാശം സംഭവിച്ച എത്രയെത്ര ജീവജാലങ്ങളാണുള്ളത്. പലപ്പോഴും അതിന്റെ പ്രത്യാഘാതം പ്രത്യക്ഷപ്പെട്ട് പ്രയാസങ്ങൾ വരുത്തുമ്പോഴാണ് കാര്യം മനസ്സിലാക്കിയിട്ടുള്ളതു തന്നെ. അപ്പോഴേക്കും സമയം വളരെവൈകിയിരിക്കും പ്രതിവിധിചെയ്യുവാൻ! കോടാനുകോടി ജീവികളിൽ ഒന്നുമാത്രമാണ് മനുഷ്യനെന്നും, മറേറതൊന്നിനേയും പോലെ മാത്രമേ അവനും ഇവിടെ സ്ഥാനമുള്ളു എന്നും മനസിലാക്കിയാൽ കുഴപ്പം കുറെയെല്ലാം പരിഹരിക്കാൻ പററും.

സസ്യങ്ങളും ജന്തുക്കളും തമ്മിലുള്ള സഹകരണത്തിന്റെ സുന്ദരങ്ങളായ ഭാവങ്ങൾ പ്രകടമാക്കുന്ന എത്രയെത്ര ഉദാഹരണങ്ങളാണുള്ളത്! വൈവിദ്ധ്യമാർന്ന സസ്യങ്ങളുടെ, പ്രത്യേകിച്ച് പൂക്കുന്ന ചെടികളുടെ, പരിണാമം തന്നെ ഇവിടെ സാദ്ധ്യമായത്, ഷട്പദങ്ങളുടെയും അതുപോലെയുള്ള അന്യജീവജാലങ്ങളുടെയും ആവിർഭാവത്തിനുശേഷമാണ്. നിശ്ചിതമായ കീടപ്രാണി വേണം തങ്ങളുടെ പരാഗണം സാധിക്കുവാനെന്നു നിർബ്ബന്ധമുള്ള സസ്യങ്ങൾ എത്രയാണ്! സ്വന്തം പുഷ്പത്തിൽ ഊറുന്ന മധുവും പ്രസരിക്കുന്ന പൂമ്പൊടിയും ചിലർക്കു മാത്രമേ സ്വീകരിക്കാനൊക്കു എന്ന് എത്രയെത്ര പുഷ്പങ്ങളാണ് നിർബ്ബന്ധം കാണിക്കുന്നത്! പുഷ്പത്തിന്റെ വശ്യങ്ങളായ വിവിധഭാഗങ്ങൾ, സ്വാഗതം ചെയ്യാനും സ്വീകരണം നല്കാനുമുദ്ദേശിച്ചിട്ടുള്ള പ്രാണികളുടെ സൗകര്യത്തിനായി ബോധപൂർവ്വം സംവിധാനം ചെയ്യുന്ന ചെടികളുടെ കഥകൾ ഓരോന്നും ഒരുബൃഹത്ഗ്രന്ഥത്തിനു ഉതകുന്നത്ര വിപുലമാണ്. വിശ്വവിഖ്യാതനായ ഡാർവ്വിൻ എഴുതിയിട്ടുള്ള ചില വിവരങ്ങൾ ഇവിടെ ഓർമ്മയിൽ വരുന്നു! ഈ നിർബ്ബന്ധബുദ്ധി നിഷ്കരുണം നടപ്പാക്കിയിട്ടുള്ള 'ഓക്കിഡു' (Orchids) കളുടെ അഴകും ആകർഷണശക്തിയും ഇവിടെ സൂചിപ്പിക്കുന്നതേയുള്ളു., തങ്ങളുടെ സന്തത മിത്രങ്ങളായ ശലഭങ്ങളുടെ ആകാരവും അലങ്കാരനിറങ്ങളുമെല്ലാം അതേപടി അനുകരിച്ച് പുഷ്പ സംവിധാനം നടത്തിയിരിക്കുന്ന ഈ പൂച്ചെടികൾ ആരെയാണ് വിസ്മയിപ്പിക്കാത്തത്. ഈ സ്ഥിതിവിശേഷങ്ങൾ സജ്ജീകരിക്കുവാൻ സസ്യങ്ങൾക്ക് എങ്ങിനെ സാധിക്കുന്നു? ബോധപൂർവ്വം സൃഷ്ടിനടത്തുന്ന കലാകാരന്മാർക്കുപോലും ഇതുപോലെ തനി പകർപ്പുകൾ അവതരിപ്പിക്കുവാൻ അധികനാളത്തെ പരിശീലനം വേണ്ടിവരും. ബോധപൂർവ്വമുള്ള ഒരു കാര്യ പരിപാടി ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും ഈ മൂക സസ്യങ്ങൾക്ക് എങ്ങിനെ ശക്തികിട്ടുന്നു.? തങ്ങളുടെ ഇഷ്ടതോഴന്മാർ ആരാണെന്നു തിരിച്ചറിയാനും, അവരുടെ രൂപം മാത്രമല്ല ആവശ്യങ്ങളും അഭിരുചിയുമൊക്കെ നേരത്തെ അറിയാനും, അതനുസരിച്ച് സ്വന്തം ''ശരീര''ഭാഗങ്ങൾ സജ്ജീകരിക്കാനും സസ്യങ്ങൾക്ക് എന്തു സിദ്ധികൊണ്ടാണ് സംഗതിയാകുന്നത്? ഗഹനങ്ങളായ ഈ രഹസ്യങ്ങൾക്ക് മറുപടികൾ കണ്ടെത്തുമ്പോൾ ജീവജാലങ്ങളെ സംബന്ധിക്കുന്ന നിഗൂഢതകൾ നീങ്ങുമെന്നു തീർച്ചയാണ്. മനുഷ്യാതീതമെങ്കിലും, പ്രകൃത്യാതീതമല്ലാത്ത ബോധമണ്ഡലം സസ്യങ്ങൾക്കുണ്ടെന്നാണല്ലോ ഇതൊക്കെ സൂചിപ്പിക്കുന്നത്.

ഷട്പദങ്ങളും സസ്യങ്ങളും തമ്മിലുള്ള സഹകരണ ബന്ധത്തിന്റെ സുവർണ്ണ തുല്യകൾ സാധാരണക്കാർക്കു പോലും നിരീക്ഷിച്ചാൽ കണ്ടെത്താൻ കഴിയും. എന്നാൽ ഇതുപോലെ തന്നെ രസകരങ്ങളായ നിരവധികാര്യങ്ങൾ സസ്യങ്ങളും മററു ജീവികളുമായിട്ടുമുണ്ട്. ചില ജന്തുക്കളുടെ പ്രത്യേകമായ പ്രവർത്തനം സ്ഥാപിച്ചിട്ടുള്ള ചില സരണികളിലൂടെ അന്യർക്ക് സഞ്ചരിക്കാൻ സാധിക്കുന്നതല്ല. ഇപ്രകാരമുള്ള ഒരു സംഗതി, അറിയാനിടവരുന്നതുതന്നെ അററുപോയ ബന്ധം വരുത്തുന്ന കുററങ്ങളും കുറവുകളും കൊണ്ടായിരിക്കും. ഒരുദാഹരണം ഇവിടെ സൂചിപ്പിക്കാമെന്നു കരുതുന്നു.

ആധുനികകാലത്ത് അന്യംനിന്നുപോയ ഒരു പക്ഷിയാണ് മാറിഷ്യസിലെ ഡോഡോ (Dodo). പക്ഷിയായിരുന്നെങ്കിലും പറക്കാനുള്ള കഴിവ് അതു് പരിത്യജിക്കുകയാണുണ്ടായതു്. പ്രകൃതിയിൽ ശത്രുക്കളൊന്നുമില്ലാതിരുന്ന സാഹചര്യത്തിലാണ് അതു് സ്ഥിതിചെയ്തതും പരിണാമപ്പെട്ടതും. അതിനാൽ ശത്രുശങ്കയോ ഭയമോ അതിനുണ്ടായിരുന്നുമില്ല. സമുദ്രത്തിൽ ഒററപ്പെട്ട് ഒഴിഞ്ഞു സ്ഥിതിചെയ്യുന്ന മാറിഷ്യസ് ദ്വീപസമൂഹങ്ങളിൽ പുറമെനിന്ന് ആരും കടന്നു ചെന്നിരുന്നുമില്ല, എന്നാൽ 1507-ൽ പോർട്ടുഗീസുകാർ അവിടം കണ്ടെത്തിയതോടുകൂടി സാഹചര്യം അപ്പാടെ മാറി. മനുഷ്യർ മാത്രമല്ല, മററുജന്തുക്കളും അവിടെ കുടിയേറാൻ തുടങ്ങി. ഭയമില്ലാതെ തറയിൽ തത്തിതത്തി ജീവിച്ചിരുന്ന ഡോഡോപക്ഷിയെ പിടിച്ച് പശിയടക്കാൻ മനുഷ്യരും, പന്നിയും, പുലിയും വരെ ഉത്സുകരായി. ക്രമേണ പക്ഷിയുടെ എണ്ണം കുറഞ്ഞു. 1681-ൽ അവിടെ ആകപ്പാടെ അവശേഷിച്ചിരുന്ന അവസാനത്തെ ഡോഡോപക്ഷി ചത്തപ്പോൾ, അതിൻെറ് കുലം അററു ! ഭൂതലത്തിൽനിന്ന് എന്നന്നേക്കുമായി ആ പക്ഷിവർഗ്ഗം അപ്രത്യക്ഷമായി ! പ്രാവിനോടു പുലബന്ധം പറയാവുന്ന പറക്കാത്ത ഈ പറവ അന്നുമുതൽ ചരിത്രത്തിലെ ഒരു ദുഃഖസ്മരണയായി അവശേഷിച്ചു !

ഡോഡോപക്ഷിയുടെ അഭാവം അന്നാട്ടിലെ ഒരു പ്രധാനപ്പെട്ട മരത്തിൻെറ മരണമണി മുഴക്കിത്തുടങ്ങിയിട്ട് കാലം വളരെയായി. കാൽവാരിയാ മേജർ (Calvaria major) എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഈ മരത്തിലെ ഫലം ഡോഡോപക്ഷിക്ക് വളരെ പ്രിയപ്പെട്ടതായിരുന്നു. അതു് മുച്ചൂടും ഭക്ഷിച്ചാണ് പക്ഷി ജീവിച്ചതും. മരത്തിൻെറ കായുടെ ഉള്ളിലെ അരിയുടെ കവചം അതികഠിനമാണ്. ഡോഡോപക്ഷിയുടെ ആമാശയത്തിലൂടെ കടന്നുപോകുമ്പോൾ, മാംസള ഭാഗങ്ങൾ മാത്രമല്ല, ഈ കവചത്തിനും നല്ല മയം വരും. മാംസളഭാഗം ആഹാരമായി പരിണമിക്കുമെങ്കിലും കുരുവ് കാഷ്ഠത്തിലൂടെ അററകുററം തട്ടാതെ പുറത്തുപോകും. കവചത്തിന് മാർദ്ദവം വന്നതുകൊണ്ട് മുളവരാനും വളരാനും വലിയ പ്രയാസമില്ല. ഇങ്ങനെ ഡോഡോപക്ഷിക്കും കാൽവാരിയാ മരത്തിനും തമ്മിൽ രഹസ്യമായ ഒരു ബന്ധം ദശലക്ഷംവർഷങ്ങളായി നിലനിന്നുപോന്നു. രണ്ടുകൂട്ടർക്കും ഈ പരസ്പര സഹകരണംകൊണ്ട് ലാഭമേ ഉണ്ടായിട്ടുള്ളു.

ഡോഡോപക്ഷി അപ്രത്യക്ഷമായതോടുകൂടി ഈ സംവിധാനം നശിച്ചു. പുതിയ മരങ്ങളായിത്തീരുന്നതിന് കാൽവാരിയായുടെ കുരുക്കൾ മുളയ്ക്കാനാവാതായി ! ആ മരത്തിൻെറ എണ്ണം ക്ഷയിക്കുന്നതു് പരിഹരിക്കാൻ ഇന്നു വഴിയില്ല. ഇന്ന് അവശേഷിക്കുന്നതു് പതിമ്മൂന്നു വൃക്ഷങ്ങൾ മാത്രമാണ്. അവയെല്ലാം കായും കുരുക്കളും ഉല്പാദിപ്പിക്കുന്നുണ്ട്. പക്ഷേ ഡോഡോപക്ഷി പോയതിനുശേഷം ഒരൊററ അരിപോലും മുളച്ചിട്ടില്ല. തങ്ങളുടെ ആത്മമിത്രമായിരുന്ന ഡോഡോപക്ഷിയുടെ വിധിയാണ് കാൽവാരിയാമരവും ഇന്ന് അഭിമുഖീകരിക്കുന്നതു്. ●

ജയിച്ചിതോ!

ഓരോ പദാത്ഥമപഗ്രഥിച്ചുണ്മ തൻ
താരാ പഥത്തിൽ നിരത്തിടുമ്പോൾ.

പോയയുഗങ്ങൾ തന്നന്ധവിശ്വാസങ്ങൾ
നെയ്ത മാറാലകൾ മാസ്മരങ്ങൾ

പൊട്ടിത്തകരുന്നു വേദാന്ത തത്ത്വവി-
ലൊട്ടിയ ശുഷ്കമാ മാചാരങ്ങൾ

അല്പല്പിതല്ലെന്നു ചൊല്ലി നിഗൂഢമാം
ലോക രഹസ്യങ്ങൾ കണ്ടെത്തുവാൻ

തീരാത്തൊരന്വേഷണത്തിൻ കുതൂഹലം
പാരം ചൊരിയും പ്രചോദനത്തിൽ

പാരാകെ വിജ്ഞാന തൃഷ്ണ തൻരഥ്യയി-
ലേതുമടങ്ങാതെ മുന്നേറുമ്പോൾ

കണ്ടെത്തി-നിത്യസത്യങ്ങളനേകങ്ങൾ
കണ്ടവരത്ഭുത സ്തബ്ധരായി.

കെ. കെ. പൊന്മേലേത്ത്

യാഥാസ്ഥിതികർ വിറച്ചിതു ചുററിലും
വീഥി മതഭ്രാന്തടച്ചു നോക്കി.

തത്വത്തെ ഞെക്കിഞെരിക്കുവാനായില്ല
രക്തം പുരട്ടിയ കൈയ്യുകൾക്കും

ആററമടിച്ചു പിളന്നതിൻ ശക്തിയിൽ
കാററും മരവിച്ചു നിന്നുപോയി.

ചന്ദ്രനിൽ കുത്തിയ പാദം ടെലിവിഷൻ
ബന്ധുരം ഭൂമിയിൽ കാഴ്ചവെച്ചു.